കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാഴൂർ ഗ്രാമപഞ്ചായത്ത് - 2017-18 വാർഷിക പദ്ധതിയിലെ രണ്ട് പ്രോജക്ടുകൾ ഹിന്ദുസ്ഥാൻ ലാറ്റക്സ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.838 /2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2018-ലെ A2/449/1-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.100

## ഉത്തരവ്

വാഴൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി- 2017-18 ൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നു.

| | | |
|---|---|---|
| പ്രോ.നം.200/18 | പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും നാപ്കിൻ ഇൻസിനേറ്റർ | അടങ്കൽ 1,36,246/- രൂപ |
| പ്രോ.നം.199/18 | സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് &ഇൻസിനേറ്റർ | അടങ്കൽ 2,63,754/- രൂപ |

പ്രസ്തുത പദ്ധതി വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഈ സ്ഥാപനം മുഖേന നടപ്പാക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.100 നമ്പർ തീരുമാനപ്രകാരം ധനവകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ ടി പ്രോജക്ടുകൾ ഹിന്ദുസ്ഥാൻ ലാറ്റക്സ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻ വാഴൂർ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പ്രസിഡണ്ട്, വാഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ